(ബി) ഇക്കാര്യത്തിൽ ആക്രമണ വിധേയനായ അഭിഭാഷകനിൽ നിന്നും പോലീസ് മൊഴി എടുത്തിരുന്നുവോ;

(സി) ഈ മൊഴിയനുസരിച്ച് പോലീസ് അനന്തര നടപടികൾ സ്വീകരിക്കാതിരുന്നതെന്തുകൊണ്ടാണ്;

(ഡി) ഈ കേസ് അന്വേഷിച്ച് അനന്തര നടപടി സ്വീകരിക്കുവാൻ കോടതി നിർദ്ദേശം നൽകുകയുണ്ടായോ;

(ഇ) അതനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) നടക്കാവ് പോലീസ് സ്റ്റേഷനിലെ ക്രൈം 394/98 കേസ് അന്വേഷണത്തിനു ശേഷം 'തെളിയേണ്ടും' പട്ടികയിൽ ചേർത്ത് 22.6.99-ൽ കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(ബി) മൊഴിയെടുത്തിരുന്നു.

(സി) മൊഴിയുടെ അടിസ്ഥാനത്തിൽ നടക്കാവ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) കൂടുതൽ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തുന്നതിനായി കോടതി ഉത്തരവായിട്ടുണ്ട്.

(ഇ) ഈ കേസ് തുടർന്ന് അന്വേഷണം നടത്തി വരുന്നു.

വ്യാജവാറ്റുകാരുടെ അക്രമം അവസാനിപ്പിക്കുന്നതിന് നടപടി

100(841) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ നൂൽപ്പുഴ വില്ലേജിലെ മുക്കുത്തിക്കുന്ന് പ്രദേശത്തെ വ്യാജമദ്യ വിരുദ്ധസമിതി പ്രവർത്തകരായ പന്തംകൊല്ലി വീട്ടിൽ ചന്ദ്രന്റേയും കളത്തിൽ പത്മനാഭന്റേയും നേന്ത്രവാഴത്തോട്ടവും കുരുമുളകുവള്ളികളും, വെട്ടി നശിപ്പിച്ചതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതുവകുപ്പു പ്രകാരമാണ് കേസെടുത്തിട്ടുള്ളത്;

(ബി) ഈ അക്രമസംഭവവുമായി ബന്ധപ്പെട്ട് എത്ര ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; പ്രതികളുടെ പേരു വിവരം വിശദമാക്കുമോ;

(സി) വ്യാജമദ്യവിരുദ്ധ പ്രവർത്തകർക്ക് വ്യാജവാറ്റുകാരിൽനിന്നുമുള്ള ഭീഷണി ഇല്ലാതാക്കുന്നതിനും വ്യാജവാറ്റുകാരുടെ അക്രമം അവസാനിപ്പിക്കുന്നതിനും കർശന നിയമ നടപടി കൈക്കൊള്ളുന്നതിന് പോലീസിനും എക്സൈസ് വകുപ്പിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സുൽത്താൻബത്തേരി പോലീസ് സ്റ്റേഷനിൽ ക്രൈം 479/99 യു/എസ് 143, 147, 148, 447, 427 ആർ/ഡബ്ലിയു 149 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എട്ടു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സന്തോഷ്, സുനിൽ, വേലായുധൻ, രാജു ഭാസ്ക്കരൻ, ശ്രീധരൻ, ബാലാജി, കുട്ടപ്പൻ എന്നിവരാണ് പ്രതികൾ.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂർ താലൂക്കിൽ അഗ്നിശമന സേനാവിഭാഗം യൂണിറ്റ്

101(842) പ്രൊഫ. മീനാക്ഷി തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ താലൂക്ക് ആസ്ഥാനത്ത് അഗ്നിശമന സേനാവിഭാഗത്തിന്റെ ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) 1999-2000 വർഷത്തിൽ തുടങ്ങുന്നതിനുള്ള പ്രയോറിറ്റി ലിസ്റ്റിൽ ഈ യൂണിറ്റിനെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(സി) ഈ സാമ്പത്തിക വർഷം ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുവേണ്ടി മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിനായുള്ള കരാർ നിർദ്ദേശത്തിൽ കൊടുങ്ങല്ലൂർ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊയിലാണ്ടി താലൂക്ക് ആസ്ഥാനത്ത് ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

102(843) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്ക് ആസ്ഥാനത്ത് വർഷങ്ങളായി പ്രൊപ്പോസലുള്ള ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) പുതിയ സാമ്പത്തിക വർഷം ഇക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

"അഴിമതി സംബന്ധിച്ച വിജിലൻസ് കേസുകൾ"

103(844) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുപ്രവർത്തക/ഉദ്യോഗസ്ഥ അഴിമതി സംബന്ധിച്ച എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly